
2



# ചട്ടമ്പിസ്വാമി പഠനങ്ങൾ

എഡിറ്റർ

ഡോ. എ എം ഉണ്ണികൃഷ്ണൻ

Volume 2

MALAYALAM LANGUAGE
Chattampiswami Patanangal (3 Vols.)

STUDY
*Edited by* Dr. A. M. Unnikrishnan

Rights Reserved
First Published September 2021

PUBLISHERS
P. K. Parameswaran Nair Smaraka Trust, Thiruvananthapuram,

D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Chattampiswami patanangal
3V., 2792p., 21cm.
ISBN 978-93-5432-836-7
Editor: A. M. Unnikrishnan
1. Malayalam Literature. 2. Study. 1. Unnikrishnan A. M.
894.812.09—dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5432-836-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

461/21-22-Sl.No. 21938-dcb 7834-800-87676-09-21 hn 60-p na-r(t) ds-d(t) hm

# ഉള്ളടക്കം

## വാല്യം രണ്ട്

### 6. ഗവേഷണവിജ്ഞാനീയം

**യുക്തിചിന്തയുടെ സൂര്യതേജസ്സ്** 939
ഡോ. വി സി ശ്രീജൻ

**മലയാളധൈഷണികചരിത്രത്തിൽ** 951
ഡോ. എം ശ്രീനാഥൻ

**അന്തർവൈജ്ഞാനികത** 961
പ്രവീൺരാജ് ആർ എൽ.

**ജ്ഞാനമണ്ഡലവും സ്രോതസ്സുകളും** 967
കീർത്തി വിദ്യാസാഗർ

**ഗവേഷണവഴി** 1016
ഇ കെ പ്രേംകുമാർ

**ആദിഭാഷാഗവേഷണം** 1021
ഡോ. അശോക് ഡിക്രൂസ്

**വേദാധികാരം: രീതിശാസ്ത്രവും ആഖ്യാനവും** 1036
ഡോ. സി ഗണേഷ്

**വേദാധികാരനിരൂപണത്തിന്റെ യുക്തി** 1047
ഡോ. മുനീർ ശൂരനാട്

**താർക്കികയുക്തി** 1057
പ്രൊഫ. കെ എസ് ആർ പണിക്കർ

**തർക്കശാസ്ത്രസമീപനങ്ങൾ** 1067
ഡോ. ആദർശ് രത്നാകരൻ

**ഗവേഷകൻ** 1076
ഡോ. ഡി ബഞ്ചമിൻ

**ഗവേഷണപദ്ധതി** 1083
ഡോ. എൻ മുകുന്ദൻ

## 7. ജ്ഞാനനിർമ്മാണവിജ്ഞാനീയം


ചട്ടമ്പിസ്വാമികളും ഹിന്ദുധർമവും
ജി അമൃതരാജ് 1091

ധിഷണയുടെ വിഭുത്വം
ടി ജി മോഹൻദാസ് 1126

രാഷ്ട്രീയദൈവശാസ്ത്രത്തിന്റെ വൈരുദ്ധ്യങ്ങൾ
ഡോ. ടി ടി ശ്രീകുമാർ 1132

സവിശേഷതകളുടെ സർവ്വകലാശാല
ഡോ. ജി രാജേന്ദ്രൻപിള്ള 1158

ആധുനികശാസ്ത്രവും ആദ്ധ്യാത്മികചിന്തകളും
ഡോ. സി ജി രാമചന്ദ്രൻനായർ 1167

ആധുനികമായ വീക്ഷണം
ഡോ. എസ് ബാലരാമകൈമൾ 1182

കേരളത്തിന്റെ വ്യാസശങ്കരൻ
ഡോ. രശ്മി ആർ ആർ. 1190

ജ്ഞാനത്തിനുവേണ്ടി നടത്തിയ വിപ്ലവങ്ങൾ
ഡോ. കവിതാരാജ് എൻ. 1195

ഗവേഷണം
ഡോ. വി രാജീവ് 1200

ഭാഷാശാസ്ത്രജ്ഞൻ
ഡോ. എം ശ്രീനാഥൻ 1216

ഫോക്‌ലോർസംസ്കാരം
ഡോ. സി ആർ അനിത 1251

സ്ത്രീപക്ഷആധുനികത
ഡോ. എം ശ്രീനാഥൻ 1264

പുരാവൃത്തപഠനമാതൃക
ഡോ. എം ശ്രീനാഥൻ 1278

ആധുനികാനന്തരചിന്തയുടെ ആദിദർശനങ്ങൾ
രഘുനാഥൻ പറളി 1290

## 8. ഭാഷാശാസ്ത്രവിജ്ഞാനീയം


**ആദിദ്രാവിഡത്തിൽനിന്നു സംസ്കൃതത്തിലേക്ക്** 1315
ഡോ. പൂജപ്പുര കൃഷ്ണൻനായർ

**പ്രാകൃതം-നാഗഭാഷ -സാഹിത്യഭാഷാചരിത്രത്തിന്റെ ആർക്കിയോളജി** 1341
ഡോ. സുവർണ്ണ നാലപ്പാട്ട്

**ഭാഷാദർശനം** 1357
ഡോ. ആർ വി എം ദിവാകരൻ

**'ആദിഭാഷ'യുടെ ഭാരതീയപഠനസാധ്യത** 1375
ഡോ. പി ശ്രീകുമാർ

**നാമപഠനങ്ങൾ** 1383
ഡോ. സെയ്തലവി സി.

**വൈയാകരണൻ** 1390
രോഹിണി എ എം.


## 9. ഭാഷാവിജ്ഞാനീയം


**വൈജ്ഞാനികമലയാളപ്രതിഷ്ഠ** 1407
ഡോ. നിത്യ പി വിശ്വം

**ശാസ്ത്രീയതയും വൈജ്ഞാനികമലയാളവും** 1420
ഡോ. ടി ജിതേഷ്

**മലയാളത്തിന്റെ വൈജ്ഞാനികപദവിസ്ഥാപനം** 1429
അജീഷ് ജി ദത്തൻ

**ഗദ്യകാരൻ** 1439
ഡോ. എം ജൽസ

**ദേശനാമങ്ങൾ** 1464
ഡോ. കെ എം പ്രിയദർശൻലാൽ

**സ്ഥലനാമപഠനം** 1479
ഡോ. വിളക്കുടി രാജേന്ദ്രൻ

## 10. സാഹിത്യവിജ്ഞാനീയം


**ബ്രഹ്മവിദ്യയിൽ കാവ്യലഹരിയിൽ** 1489
ഡോ. ദേശമംഗലം രാമകൃഷ്ണൻ

**ഗ്രന്ഥപാരായണം ജ്ഞാനാന്വേഷണം** 1495
ഡോ. കെ ജി സുധീർ

**കവിതയിൽ** 1515
ഡോ. ശ്രീജിത് ജി.

**നോവലിൽ** 1531
ഡോ. ശ്രീശൈലം ഉണ്ണികൃഷ്ണൻ

**നാടകത്തിൽ** 1624
ഡോ. രാജാവാര്യർ

**ആട്ടക്കഥയിൽ** 1633
പ്രശാന്ത് നാരായണൻ

**ജീവചരിത്രത്തിൽ** 1638
ജെ സന്ദീപ്

**എ വി ശങ്കരന്റെ ചട്ടമ്പിസ്വാമിസാഹിതീസപര്യ** 1653
ഡോ. വി വി പ്രേമലതാവാര്യർ

**ജഗതി വേലായുധൻനായരുടെ ചട്ടമ്പിസ്വാമിസാഹിത്യം** 1689
ഡോ. റീജാ രവീന്ദ്രൻ

**പി കെ പരമേശ്വരൻനായരുടെ രചന** 1719
ഡോ. ശ്രീലത എം ജി.

**ചട്ടമ്പിസ്വാമികളെക്കുറിച്ചുള്ള ആദ്യത്തെ മലയാളകാവ്യം** 1722
പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള

**തമിഴിൽ** 1730
കെ ഗോമതിയമ്മാൾ

**സംസ്കൃതത്തിൽ - ഒന്ന്** 1739
ഡോ. ജി അശോകൻ

**സംസ്കൃതത്തിൽ - രണ്ട്** 1745
ഡോ. ലക്ഷ്മീ വിജയൻ വി ടി.

**ഹിന്ദിയിൽ** 1756
ഡോ. കെ സി അജയകുമാർ

**ഇംഗ്ലീഷിൽ - ഒന്ന്** 1767
ആത്മാരാമൻ

**ഇംഗ്ലീഷിൽ - രണ്ട്** 1770
ഡോ. ബി ശ്രീദേവി

**ഇംഗ്ലീഷിൽ - മൂന്ന്** 1791
ഡോ. സുജാകുറുപ്പ് പി എൽ.

# സ്ത്രീപക്ഷആധുനികത

ഡോ. എം ശ്രീനാഥൻ

പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം എന്ന പ്രബന്ധം ചട്ടമ്പി സ്വാമികൾ എറണാകുളത്തു സ്ത്രീസമാജത്തിൽ ചെയ്ത പ്രഭാഷണമാണെന്നു വ്യക്തമാക്കിക്കൊണ്ടാണ് ശ്രീതീർത്ഥപാദാശ്രമം പ്രസിദ്ധീകരിച്ച സമാഹാരത്തിൽ (2015) ഉൾപ്പെടുത്തിയിരിക്കുന്നത്. ടി കെ കൃഷ്ണമേനോന്റെ പത്നി ടി സി കല്യാണിയമ്മ (ലേഖനത്തിൽ നല്കിയിരിക്കുന്നതു പോലെ ടി വി കല്യാണിയമ്മയല്ല) ആവശ്യപ്പെട്ടതനുസരിച്ചാണ് സ്വാമികൾ ഈ പ്രഭാഷണം നടത്തിയത്. ടി കെ കൃഷ്ണമേനോൻ എറണാകുളത്തു അഡ്വക്കേറ്റ് ആയിരുന്നു. പത്നീ സമേതനായി താമസവും അവിടെയായിരുന്നു. കൊച്ചിൻ വുമൺസ് അസോസിയേഷനും സന്നദ്ധബാലികാസംഘവും സ്ഥാപിച്ചത് ടി സി കല്യാണിയമ്മയാണെന്നും പ്രസ്തുതപ്രഭാഷണം നടന്നത് 1906 ലാണെന്നും രാമൻനായർ, സുലോചനാദേവി (2018) യുടെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രഭാഷണത്തിൽ സ്വാമികൾ പ്രകടിപ്പിച്ച ആശയങ്ങളുടെ സാമൂഹികശാസ്ത്രം അറിയേണ്ടതിനായി അക്കാലത്തെ സാമൂഹികവും ധൈഷണികവുമായ കേരളസന്ദർഭം മനസ്സിലാക്കാൻ ശ്രമിക്കാം.

**കേരളത്തിലെ കൊളോണിയൽ ആധുനികത**

കേരളത്തിലെ ആധുനികതയെ കൊളോണിയൽ അധിനിവേശത്തിന്റെ ഉത്പന്നമായാണ് തിരിച്ചറിയുന്നത്. അതുകൊണ്ടാണ് കേരളാധുനികതയെ കൊളോണിയൽ ആധുനികത എന്നു വിശേഷിപ്പിക്കുന്നത്. മിഷണറിപ്രവർത്തനം, ഇംഗ്ലീഷുവിദ്യാഭ്യാസം, പാശ്ചാത്യാശയപരിചയം, മാധ്യമോപയോഗം തുടങ്ങി അക്കാലത്തു നടപ്പിൽവന്ന ഒട്ടേറെ ഘടകങ്ങൾ നിലവിലെ സമൂഹത്തെ ആധുനീകരിക്കാൻ പ്രേരകമായി. ആധുനികസമൂഹരൂപവത്കരണത്തിൽ കേരളനവോത്ഥാനം നിർണായകമായിരുന്നവെന്ന് ഏവർക്കുമറിയാം. പരമ്പരാഗതസമൂഹഘടനയിൽ മാറ്റംവന്നതോടെ പുതുസമൂഹം മാത്രമല്ല വ്യക്തികളും ആൺ / പെൺലിംഗഗണങ്ങളും നിർമ്മിക്കപ്പെട്ടു (ജെഫ്റി 2003, ദേവിക 2007).

ഇംഗ്ലീഷുവിദ്യാഭ്യാസത്തിലൂടെ ആധുനികാശയലോകവുമായി പരിചയപ്പെട്ട മലയാളിയുടെ പൊതുമണ്ഡലരൂപവത്കരണം പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിലാണു നടന്നതെന്നു നോവൽസാഹിത്യചരിത്ര (ഇന്ദുലേഖ 1889, മീനാക്ഷി 1890, ശാരദ 1892, സുകുമാരി 1897) ഉൾപ്പെടെ കൊളോണിയൽ ആധുനികത അടയാളപ്പെടുത്തുന്ന ഒട്ടേറെ രൂപങ്ങളുടെയും സ്ഥാപനങ്ങളുടെയും ഭാഗമായി തിരിച്ചറിഞ്ഞിട്ടുണ്ട്. കല്ലിങ്ങൽ ചാത്തുണ്ണി വൈദ്യരുടെ പതിവ്രതാധർമം - ശതകം (1876) സ്ത്രീയെക്കുറിച്ച് അക്കാലത്തു

നിലനിന്ന പരമ്പരാഗതപുരുഷസങ്കല്പം വ്യക്തമാക്കുന്നുണ്ട്. ബ്രിട്ടീഷുകാർ കേരളത്തിലെ കുടുംബഘടനയെയും സംബന്ധം ഉൾപ്പടെയുള്ള നടപടി ക്രമങ്ങളെയും വിമർശിച്ചു. ഇംഗ്ലീഷുവിദ്യാഭ്യാസം നേടിയവരുടെ ഇടയിൽ നിലവിലെ അവസ്ഥ മാറണമെന്ന അഭിപ്രായം തലപൊക്കി. പത്തൊൻപ താം നൂറ്റാണ്ടിന്റെ അവസാനത്തോടെ അതു കൂടുതൽ വ്യാപകമാവുകയും പാ ശ്ചാത്യപൗരസ്ത്യസ്ത്രീകളുടെ അവസ്ഥാതാരതമ്യത്തിൽ എത്തിച്ചേരുകയും ചെയ്തു. ആധുനികവിദ്യാഭ്യാസം ആധുനികകുടുംബനിർമിതിക്കു വഴിയൊരു ക്കി. പഴയഘടനയിൽനിന്നുള്ള മോചനവും സ്വാതന്ത്ര്യവും ആൺപെൺ സ്വത്വവികാസവും ആധുനികത മുന്നോട്ടുവച്ചു. കൊളോണിയൽ ആധുനി കതയുടെ ഭാഗമായി വികസിച്ച പുതുബോധത്തിന്റെ സന്തതിയായ ഈ പൊതുമണ്ഡലം ലിംഗമൂല്യം ഉൾക്കൊണ്ടിരുന്നുവെന്നും അതു പൊതുവെന്നും ഗാർഹികമെന്നും രണ്ടായി രൂപമെടുത്തിരുന്നുവെന്നും ദേവിക (2002) തി രിച്ചറിഞ്ഞിട്ടുണ്ട്. പൊതുഇടം ആണിടവും ഗാർഹികഇടം പെണ്ണിടവുമാണ്. അക്കാലത്തെ വായന സമൂഹങ്ങളുടെ രൂപവത്കരണവും വനിതാപ്രസിദ്ധീ കരണങ്ങളുടെ ആവിർഭാവവും ലിംഗപൗരത്വനിർമിതിയും തമ്മിലുണ്ടായി രുന്ന ബന്ധം ദേവികയുടെ പഠനത്തിൽ (2002, 2010) വ്യക്തമാക്കിയിട്ടുണ്ട്.

**വനിതാപ്രസിദ്ധീകരണങ്ങൾ**

ആദ്യകാലത്തെ വനിതാപ്രസിദ്ധീകരണങ്ങളുടെ പ്രസിദ്ധീകരണ വർഷം രേഖപ്പെടുത്തുന്നതിൽ വ്യത്യാസം കാണാം. ജി പ്രിയദർശനന്റെ (1975) മണ്മറഞ്ഞ മാസികകളിൽനിന്നുള്ള വിവരങ്ങളാണ് ഈ പ്രബന്ധ ത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കേരളീയസുഗുണബോധിനി (1885), ശാരദ (1904), ലക്ഷ്മീഭായി (1905), മേരിറാണി (1913), ഭാഷാശാരദ (1915), മഹിളാരത്നം (1916), സുമംഗല (1916), സംഘമിത്ര (1920), ക്രൈസ്തവമഹിളാ മണി, മഹിള (1921) എന്നീ വനിതാപ്രസിദ്ധീകരണങ്ങളാണു സ്വാമികളുടെ സമാധിക്കു മുൻപുണ്ടായിരുന്നവ. പുരുഷന്മാരായിരുന്നു മിക്ക മാഗസിനുകളു ടെയും എഡിറ്റർ പദവിയിലുണ്ടായിരുന്നത്. പില്ക്കാലത്തു സ്ത്രീകൾ ഈ സ്ഥാ നത്തെത്തി. എഴുത്തുകാരുടെയും കഥ ഇതുതന്നെ. ആധുനികസമൂഹരൂപവ ത്കരണത്തിൽ പങ്കുചേരുന്നതിന് ഈ പ്രസിദ്ധീകരണങ്ങൾ സഹായിച്ചു (ദേവിക 2002). സദാചാരം, കടമകൾ, പാചകം, സംഗീതം, വിനോദം, കഥകൾ, വനിതകളുടെ ആത്മകഥകൾ, തത്ത്വചിന്ത, ദേശചരിത്രം, ശരീ രവിശേഷങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങൾക്കാണു മുൻഗണന നല്കി യിരുന്നത്. ഇവയുടെ ഉള്ളടക്കവിശകലനത്തിൽ മുന്തിനില്ക്കുന്നത് ആദർശ പതിവ്രതാസ്ത്രീരൂപങ്ങളാണ്. ആദ്യകാലവനിതാപ്രസിദ്ധീകരണങ്ങളിൽ അവതരിപ്പിച്ച സ്ത്രീസങ്കല്പം പതിവ്രതയായ കുടുംബിനിയുടേതായിരുന്നു. സ്ത്രീവിദ്യാഭ്യാസം നേടുന്നതുപോലും നല്ലകുടുംബിനികളാകാനുള്ള കരുതൽ ധനമായിട്ടാണു കണ്ടിരുന്നത്. അമ്മ, സഹോദരി, ഭാര്യ, പുത്രി എന്നിങ്ങ നെയുള്ള സാമൂഹികപദവികളെല്ലാം സഹനശക്തികൊണ്ടും ആദർശജീവി തംകൊണ്ടും വിധേയത്വംകൊണ്ടും പൂർത്തീകരിക്കേണ്ടതാണ്. അതായതു നിസ്വാർഥമായ സ്ത്രീധർമം കുടുംബവുമായി ബന്ധപ്പെട്ട വാർപ്പുമാതൃകാനിർ

മിതിയായിരുന്നുവെന്നു പറയാം. അതോടൊപ്പം സ്ത്രീ-പുരുഷസമത്വചിന്തകളും പൊതുഇടങ്ങളിലെ സ്ത്രീസാന്നിധ്യവും ചർച്ചചെയ്തിരുന്നു.

ആധുനികസമൂഹത്തിൽ പങ്കാളിയാകാൻ സ്ത്രീകളെ പരുവപ്പെടുത്തുകയായിരുന്നു ഈ പ്രസിദ്ധീകരണങ്ങൾ. ഗൃഹം പുതിയ ഒരു ഇടമായി വളർന്നു. വിദ്യാഭ്യാസം നേടിയ സ്ത്രീകൾ പൊതുമണ്ഡലത്തിൽ ഇടപെടാൻ തുടങ്ങിയതോടെ പൊതുഇടങ്ങളും ഗാർഹികഇടങ്ങളും തമ്മിൽ പൊരുത്തപ്പെടുത്താനും വിടവുകൾ ഒഴിവാക്കാനും ഉള്ള സംവാദങ്ങളാരംഭിച്ചു. വിക്ടോറിയൻമാതൃകയിലുള്ള ആധുനികകുടുംബസങ്കല്പത്തിനു പ്രചാരം വന്നു. സ്ത്രീകൾ കൂടുതൽ ചലനാത്മകരായി. കൊളോണിയൽ ആധുനികത സൃഷ്ടിച്ച ഇത്തരം പ്രവണതകൾ ഒരുഭാഗത്തും, സാമൂഹികപരിഷ്കാരങ്ങൾ മറ്റൊരു ഭാഗത്തുമായി കേരളസമൂഹം മാറിത്തുടങ്ങുന്ന പരിതഃസ്ഥിതിയിലാണു സ്വാമികളുടെ പ്രബന്ധാവതരണം നടക്കുന്നത്.

ഗാർഹികവും പൊതുവുമായ രണ്ടു പൊതുമണ്ഡല ഇടങ്ങൾ കൊളോണിയൽ ആധുനികത സൃഷ്ടിച്ചുവെന്നു പറഞ്ഞല്ലോ. ഇവ പുതുതായി രൂപംകൊണ്ട ലിംഗസ്വത്വഇടങ്ങളാണ്. പൊതുഇടം പുരുഷഇടമാണ്. രാഷ്ട്രീയ സ്വാധീനത, സാമ്പത്തികസ്ഥിതി, ബുദ്ധിവൈഭവം ഇവയെല്ലാം പുരുഷഇടത്തിന്റെ സവിശേഷതകളാണ്. ഗാർഹികഇടം പെണ്ണിടമാണ്. പെണ്ണിടം അനുകമ്പയുടെയും വൈകാരികതയുടെയും കണ്ണീരിന്റെയും സഹനത്തിന്റെയും ഉപദേശത്തിന്റെയും അബല ഇടങ്ങളാണ്. എന്നാൽ ഈ പെണ്ണിടം സർവംസഹയായ ഇന്ത്യൻസ്ത്രീത്വസങ്കല്പത്തെ പുനരുത്പാദിപ്പിക്കുന്ന ഇടമല്ല. സ്ത്രീത്വമില്ലാത്ത സ്ത്രീകളെ ഉത്പാദിപ്പിക്കുന്ന വിദ്യാഭ്യാസമാണ് ആധുനികതയുടേത് എന്ന പാരമ്പര്യവാദികളുടെ വിമർശനത്തിൽനിന്നുതന്നെ ഇതു വ്യക്തമാണ്.

ആധുനികത രൂപപ്പെടുത്തിയ സ്ത്രൈണ ഇടമായ ഗൃഹത്തിന്റെ അധികാരിയായി സ്ത്രീ മാറുന്നു. ഗൃഹത്തിന്റെ നിയന്ത്രണം സ്ത്രീകൾക്കാണ്. വീട്ടുഭരണം, ശിശുപരിപാലനം, അതിഥിസത്കാരം തുടങ്ങിയ ഏർപ്പാടുകൾ സ്ത്രീകളിൽ നിക്ഷിപ്തമാകുന്നു. ജന്മസിദ്ധമായ ശേഷികളാണ് ഈ പെണ്ണിടത്തിന്റെ അധികാരം സ്ത്രീകൾക്കാകാൻ കാരണം. പഴയ സാമൂഹികഘടനയിൽ സ്ത്രീകൾക്കില്ലാതിരുന്ന അധികാരം ആധുനികത സ്ത്രീകൾക്കേകി. ആധുനികത ആണിനും പെണ്ണിനും സ്വാതന്ത്ര്യം നല്കി. ഈ സന്ദർഭത്തിൽ പ്രകൃത്യായുള്ള തൊഴിൽവിഭജനത്തെ ഉൾക്കൊണ്ടുകൊണ്ടു സ്വാമികൾ സ്ത്രീകളുടെയും പുരുഷന്മാരുടെയും കർത്തവ്യത്തെക്കുറിച്ചു വ്യക്തമാക്കിയെന്നാണു ദേവിക (2002) സ്വാമികളുടെ പ്രബന്ധത്തിൽനിന്നു നിരീക്ഷിച്ചത്. ഭാര്യാപദത്തിന്റെ അർഥത്തെയും പ്രയോഗത്തെയും സ്വാമികൾ ചോദ്യം ചെയ്യുകമാത്രമല്ല, കുടുംബത്തിൽ സ്ത്രീകൾ പ്രധാനികളാകുന്നത് ഗർഭശേഷികൊണ്ടുമാത്രമല്ല; പ്രകൃത്യാ അവർക്ക് അദൃശ്യസാന്നിധ്യംകൊണ്ടു ലോകത്തെ ഭരിക്കാനുള്ള ശേഷി ജന്മനാ ഉണ്ട് എന്നും സ്വാമികൾ പറയുന്നതുകൊണ്ടുമാണ് ആധുനികതാസൃഷ്ടിയായ ലിംഗാടിസ്ഥാനത്തിലുള്ള തൊഴിലിടങ്ങളെ സ്വാമികൾ വ്യക്തമായി അംഗീകരിച്ചിരുന്നതെന്നു ദേവിക കണക്കാക്കുന്നത്.

ചട്ടമ്പിസ്വാമികളെ കൊളോണിയൽആധുനികതയുടെ ഭാഗമായി വിലയിരുത്താനാവില്ല. അതിനെതിരെയുള്ള ബദൽആധുനികതയുടെ വക്താവാണെന്ന പി പി രവീന്ദ്രന്റെ (2017) നിരീക്ഷണമാണ കൂടുതൽ പരിഗണിക്കാവുന്നത്. ആധുനികത, ധാർമികത, ഭാരതീയത എന്നീ ഘടകത്തും ഉൾച്ചേരുന്ന ഒരു സങ്കല്പമണ്ഡലത്തെ കൊളോണിയൽവിരുദ്ധമായും ആധുനികോന്മുഖമായും സ്വാമികൾ അവതരിപ്പിച്ചു. സ്വാമികളുടെ ഈ പ്രബന്ധത്തിൽ ശക്തമായിത്തന്നെ കൊളോണിയൽ ആധുനികതയുമായുള്ള സംഘർഷം പ്രകടമാണ്. വ്യക്തികളുടെ പെറ്റമ്മയോടുള്ള ഉത്തരവാദിത്വത്തെക്കുറിച്ചു പറയുമ്പോൾ പരിഷ്കാരികളെ കൃതഘ്നന്മാർ എന്നാണ സംബോധനചെയ്യുന്നത്. 'മക്കളുണ്ടായാൽ പ്രായം വരുന്നതുവരേക്കമാത്രമേ മാതൃശുശ്രൂഷ ആവശ്യമുള്ളൂ എന്നും അതുവരേക്കമാത്രമേ അതു നിലനില്ക്കുന്നുള്ളൂവെന്നും അത്രത്തോളം ശുശ്രൂഷിക്കേണ്ടത് അവരുടെ കടമയാണെന്നല്ലാതെ തങ്ങൾക്കു യാതൊരു ബാധ്യതയുമില്ലെന്നും ശഠിക്കുന്ന പരിഷ്കാരികളുണ്ട്'. "സ്ത്രീക്കു തന്റെ വിധിവിഹിതമായിരിക്കുന്നത് ഉത്തമ ധർമം നടത്തുവാൻ വേഷമണിഞ്ഞു പുറപ്പെടുകയോ അതിനായി തനിക്കു സ്വതേ സ്ത്രീയാകനിമിത്തം പ്രകൃതി കല്പിച്ചിരിക്കുന്നതിലധികം കായക്ലേശവും മനഃക്ലേശവും അനുഭവിക്കുകയോ ചെയ്യേണ്ട ആവശ്യം ഒട്ടും തന്നെ ഇല്ല". സ്വന്തം കുടുംബത്തിൽ അവനവന്റെ കുഞ്ഞുങ്ങളെത്തന്നെ ശാസിച്ചുഭരിച്ച് അവിടെ ഐകമത്യം നിലനിർത്താൻ സാധിക്കാത്ത 'മദാമ്മ'മാരാണ രാജ്യത്തുള്ള സകലസ്ത്രീകൾക്കും ഐകമത്യം പഠിപ്പിക്കാൻ പുറപ്പെടുന്നത്. ഈ രീതിയിൽ അവിടവിടെയായി കൊളോണിയൽആധുനികതയുടെ മൂല്യങ്ങളോടു സ്വാമികൾ കലഹിക്കുന്നുണ്ട്.

കുടുംബത്തെയും മാതൃത്വത്തെയുംകുറിച്ചുള്ള സ്വാമികളുടെ ദർശനം പാശ്ചാത്യാധുനികതയുമായി പൊരുത്തപ്പെടുത്താനുമാവില്ല. സ്വാമികളുടെ ആശയലോകം ബദലാധുനികതയുടേതാണെന്നു നിസ്സംശയം സ്ഥാപിക്കാവുന്നതാണ്.

### സ്വാമികളും സ്ത്രീചിന്തയും

സാമൂഹികസ്ത്രീസ്വത്വം രൂപംകൊള്ളുന്ന ഘട്ടം, വിദ്യാഭ്യാസംനേടിയ സ്ത്രീകൾ പൊതുമണ്ഡലത്തിൽ ഇടപെട്ടുതുടങ്ങുന്ന കാലം, വിക്ടോറിയൻ കുടുംബമാതൃകയ്ക്കു പ്രചാരം സിദ്ധിച്ചുതുടങ്ങുന്ന കാലം, പഴയ വ്യവസ്ഥകൾക്കെതിരെ പൊതുബോധം വളരുന്നകാലം, പാരമ്പര്യത്തെ ആധുനികതമായ്ക്കുന്ന കാലം, ഇവയ്ക്കിടയിൽ തിരഞ്ഞെടുത്തു മുന്നേറാൻ ശ്രമിക്കുന്ന സമൂഹം എന്നിങ്ങനെ വ്യത്യസ്തചിത്രങ്ങളടങ്ങിയ ഒരു സാമൂഹികകാലാവസ്ഥയിലാണ സ്വാമികൾ പ്രഭാഷണം നടത്തുന്നത്.

മുൻപു പ്രസ്താവിച്ച വനിതാപ്രസിദ്ധീകരണങ്ങളിലെ ഉള്ളടക്കമൊന്നും പുതുതായി രൂപമെടുത്ത ഗാർഹിക ഇടവുമായി സ്ത്രീകളെ പൂർണമായും യോജിപ്പിക്കാൻ പര്യാപ്തമായിരുന്നുവെന്നു പറയാനാവില്ല. ഇതോടൊപ്പം അക്കാലത്തു പരിഗണിക്കാവുന്ന മറ്റു ചില രചനകൾ കൂടിയുണ്ട്. അവയും

സ്വാമികളുടെ സ്ത്രീപക്ഷ ആധുനികതയെ സ്വാധീനിച്ചുവെന്നു വിശ്വസിക്കാനാവില്ല. രുക്മിണിയമ്മ 'സാക്ഷാൽ ഹിന്ദുസ്ത്രീജീവിതം' മിതവാദിയിൽ പ്രസിദ്ധീകരിച്ചത് 1914 ലാണ്. ഇതേ വർഷംതന്നെ പുത്തേഴത്തു രാമൻമേനോന്റെ 'പൗരസ്ത്യവനിതകൾ' കേരളചിന്താമണിയിൽവന്നു. പ്രാചീനഭാരതീയസ്ത്രീ ധർമം എന്ന ലേഖനം ആത്മപോഷിണിയിൽ ടി രാമലിംഗംപിള്ള 1915 ലാണ് എഴുതിയത്. 1916ൽ സി എസ് സുബ്രഹ്മണ്യൻ പോറ്റിയുടെ 'ഇപ്പോഴത്തെ സ്ത്രീകൾ' സുമംഗലയിൽ വന്നു. ഇതൊക്കെയാണ് അക്കാലത്തെ ലിംഗനിർമിതിയുടെ രേഖാസഞ്ചയമായി പറയാവുന്നത്. ഇവിടെ പരാമർശിച്ച രചനാസന്ദർഭത്തിൽനിന്നു സ്വാമികളുടെ പ്രാധാന്യം വ്യക്തമായിക്കാണുമല്ലോ. അക്കാലത്തു പരക്കെപ്രചരിച്ചിരുന്ന ആശയങ്ങളുമായിട്ടു സ്വാമികളുടെ ചിന്തയ്ക്കുള്ള പൊരുത്തവും പൊരുത്തക്കേടും അടയാളപ്പെടുത്താനാണു തുടർന്നുശ്രമിക്കുന്നത്.

## പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം

സ്വാമികളുടെ ഇതരപഠനങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ 'പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം' എന്ന പ്രബന്ധം പ്രമേയംകൊണ്ടും സമീപനംകൊണ്ടും വ്യത്യസ്തമാണ്. ഇതിലൂടെ സ്ത്രീപുരുഷബന്ധത്തെക്കുറിച്ചും, സമൂഹത്തിൽ അഥവാ കുടുംബത്തിൽ അവരുടെ സ്ഥാനത്തെക്കുറിച്ചുമുള്ള സ്വാമികളുടെ ധാരണയും നിലപാടും വ്യക്തമാകുന്നുണ്ട്. സ്വാമികളുടെ നിലപാടുകൾക്ക് ഇന്നു ബദൽപാരായണങ്ങളുടേതായ വിയോജിപ്പുകൾ ഉണ്ടാകാം. അതൊന്നും ഇതിന്റെ ചരിത്രപ്രാധാന്യത്തെ ഇല്ലാതാക്കുന്നില്ല. സ്വാമികളുടെ നിലപാടുകൾ അക്കാലത്തെ വൈഷണിക പശ്ചാത്തലവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കിയാൽ മാത്രമേ അതിന്റെ ചരിത്രപ്രാധാന്യവും മലയാളത്തിലെ സ്ത്രീപക്ഷപഠനത്തിലെ സ്ഥാനവും നിർണയിക്കാനാവൂ.

സ്ത്രീപുരുഷബന്ധം, സ്ഥാനം, സാമൂഹികപദവി, ഉത്തരവാദിത്വം, കർത്തവ്യം, അധികാരം, ജൈവപ്രകൃതം എന്നിവ ഓരോന്നും താരതമ്യം ചെയ്തു സ്ത്രീയുടെ സവിശേഷസ്ഥാനം എന്താണെന്നു ബോദ്ധ്യപ്പെടുത്തി സ്ത്രീ സമാജങ്ങളുടെ ഉദ്ദേശ്യങ്ങളെന്തായിരിക്കണമെന്നു പറഞ്ഞുറപ്പിക്കുകയാണു സ്വാമികൾ ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. ആൺപെൺബന്ധം, അവരുടെ ഉത്തരവാദിത്വം, കടമ എന്നിവയോടൊപ്പം മാതൃത്വം, കുടുംബം, ഐകമത്യം എന്നീ ആശയങ്ങളെ വിപുലീകരിച്ചു ബദൽആധുനികത നിർവചിച്ചെടുക്കുകയാണ് സ്വാമികൾ ഇതിൽ.

### സ്ത്രീപുരുഷബന്ധം

സ്ത്രീപുരുഷബന്ധത്തെ മൂലപ്രകൃതിയും ബ്രഹ്മചൈതന്യവുമായാണു നിർവചിച്ചത്. സ്ത്രീപുരുഷസംയോഗത്തെ പ്രപഞ്ചനിർമാണവും ഭാഷാ സൃഷ്ടിയുമായി സദൃശമാക്കിക്കാണുകയാണു സ്വാമികൾ. മൂലപ്രകൃതിയും ബ്രഹ്മചൈതന്യവുമാണു പ്രപഞ്ചനിർമിതിയുടെയും ഭാഷാസൃഷ്ടിയുടെയും പൊരുൾ. ഇവയുടെ ഐക്യത്തിലൂടെയേ സൃഷ്ടിസാധ്യമാകൂ. ഈ സംയോഗം പര

സ്വരാശ്രിതമാണ്. സകലഭാഷാപ്രപഞ്ചങ്ങൾക്കും ശിവശക്തിസൂചകമായ ആദ്യ അകാരത്തിന്റെ മേൽപങ്കം കിഴ്പങ്കം ആണും പെണ്ണും ആയിരിക്കു ന്നതുപോലെ എല്ലാജീവജാലങ്ങളുടെയും സൃഷ്ടിസ്ഥിതിസംഹാരകർത്താ ക്കന്മാരായ മാതാപിതാക്കൾ ആണും പെണ്ണുമാണ്." അതായത് മൂലപ്രകൃ തിയും ബ്രഹ്മചൈതന്യവുമെന്ന ഭാരതീയപാരമ്പര്യത്തിൽനിന്നു സ്വീകരിച്ച ആശയം കൊളോണിയൽആധുനികതയുടേതല്ല. ഈ ആശയത്തിന്റെ അടി സ്ഥാനത്തിൽ സ്വാമികൾ സ്ത്രീപുരുഷബന്ധത്തെയും ലോകത്തിന്റെ ചരിത്രത യ്ക്കുള്ള കാരണത്തെയും കണ്ടെത്തുന്നു.

### സ്ത്രീകളുടെ അവസ്ഥ

സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് ഉത്തമബോദ്ധ്യമുള്ള സ്വാമികൾ സ്ത്രീ പക്ഷനിലപാടു സ്വീകരിക്കുകയാണുചെയ്തത്. മറിച്ച്, അക്കാലത്തെ പുരു ഷന്മാർ സ്ത്രീകൾക്കായി എഴുതിയതുപോലും ശീലാവതികളെ നിർമിക്കുക ലക്ഷ്യംവച്ചാണ്. ശക്തമായ സ്ത്രീപക്ഷനിലപാട് അക്കാലത്തു മുന്നോട്ടുവച്ച ത്, സ്വാമികൾ മാത്രമാണ്. കാലകാലങ്ങളായി ലിംഗാധിപത്യം പുലർത്തു ന്ന പുരുഷമനോഭാവത്തെ സാധൂകരിക്കുന്ന പ്രമാണപാരമ്പര്യത്തെയും സ്ത്രീ വിരുദ്ധതയുടെ പേരിൽ സ്വാമികൾ നിഷേധിക്കുന്നുണ്ട്.

"മൂഢമതികൾ പറകയും ആചരിക്കുകയും ചെയ്യുംവണ്ണ 'ന സ്ത്രീ സ്വാത ന്ത്ര്യമർഹതി' എന്നുകല്പിച്ചു കൂട്ടിലിട്ട കിളിയെപ്പോലെ അവളെ അജ്ഞയും അസ്വതന്ത്രയുമായ അടിമയായും, കേവലം പുത്രോത്പാദനത്തിനുള്ള ഒരു യന്ത്രമായും കരുതുകയും, പുരുഷൻ എന്തു തോന്ന്യാസവും കാണിക്കാമെ ന്നുള്ള ഗർവോടുകൂടി സകലകാര്യങ്ങളും ശരിയായി ഭരിക്കാൻ തനിക്കേ കെല്പുള്ളൂവെന്നു ശഠിക്കയും ചെയ്യുന്നതു തെറ്റും, ന്യായത്തിനും ധർമ്മത്തിനും കാര്യത്തിനും ഏറ്റവും വിരുദ്ധവുമാകുന്നു"വെന്നു പ്രസ്താവിച്ചുകൊണ്ടാണു മനുസ്മൃതി സ്ത്രീവിരുദ്ധത സാധൂകരിക്കുന്നുവെന്നു സ്വാമികൾ തെളിയിച്ചത്. മനുസ്മൃതിയിലെ സ്ത്രീകളോടുള്ള പുരുഷമനോഭാവത്തെ എതിർക്കുകയാണു സ്വാമികൾ. സ്ത്രീവിരുദ്ധമായ മനുസ്മൃതിപരാമർശത്തെ മലയാളത്തിൽ ആദ്യ മായി തള്ളിപ്പറയുന്നതു ചട്ടമ്പിസ്വാമികളാണ്.

### പുരുഷന്റെ നില

പുരുഷൻ നിർമിച്ചെടുത്തിരിക്കുന്ന ലിംഗബോധം സ്ത്രീയുടെ സ്ഥാനം പുരുഷനു സമാനമല്ല എന്നതാണ്. സ്ത്രീ എങ്ങനെയായിരിക്കണം പെരു മാറേണ്ടത്, വിധേയയായി ജീവിക്കേണ്ടത് എന്നതിനെക്കുറിച്ചൊക്കെ പുരുഷൻ സൃഷ്ടിച്ചിരിക്കുന്ന നിയമാവലിയാണു കല്ലിങ്ങൽ ചാത്തുണ്ണിവൈ ദ്യരുടെ പതിവ്രതാധർമം ശതകത്തിൽനിന്നു വ്യക്തമാകുന്നത്. ശാരീരിക മായ ലിംഗബോധത്തിൽ ജന്മനാശക്തികൊണ്ട് സ്ത്രീയുടെമേൽ അധികാരം സിദ്ധിച്ചവനാണെന്നു പുരുഷൻ വിശ്വസിക്കുന്നു. ഈ പുരുഷബോധത്തെ, അതിന്റെ പൊള്ളത്തരത്തെ ബോദ്ധ്യപ്പെടുത്തുകയാണു സ്ത്രീപുരുഷതാരത മ്യത്തിലൂടെ ചട്ടമ്പിസ്വാമികൾ.

"സ്ത്രീയെ അപേക്ഷിച്ചു പുരുഷന്റെ നില ഉദാസീനന്റേതാണ്. പുരുഷൻ

സ്ത്രീക്കു വശംവദനായിനിന്ന് ഓരോ ശരീരപ്രപഞ്ചത്തെ സൃഷ്ടിച്ച് സംസാര ചക്രം പ്രവർത്തിപ്പിക്കുക മാത്രമാണു ചെയ്യുന്നത്. അവൻ പ്രസവാദിയായ ക്ലേശങ്ങളും ഗൃഹഭരണാദികൃത്യഭാരങ്ങളും ഇല്ലാത്തവനും, അവന്റെ ശരീര നിർമാണം അവസ്ഥ പറ്റാത്തതുമാണ്." ഏതു പാഴ്വേല ചെയ്തും കാടുകയറിയും നാടോടിയും തെണ്ടിത്തിരിഞ്ഞും സ്വന്തം കടമ നിർവഹിച്ച് സ്വജനപരിര ക്ഷ ചെയ്യേണ്ടതിനത്രേ പുരുഷന്മാരെ സൃഷ്ടിച്ചിരിക്കുന്നത്.

## സ്ത്രീകളുടെ നില

"കാര്യപ്രപഞ്ചത്തിൽ, പുരുഷനെക്കാൾ അധികം ക്ലേശവും ബുദ്ധിമുട്ടും ഉത്തരവാദിത്വവും സ്ത്രീക്കാകയാലും, സമുദായവൃദ്ധിക്ഷയങ്ങൾക്കു സ്ത്രീയുടെ കാര്യഭരണം ഹേതുവായിരിക്കകൊണ്ടും അവൾക്കാണു രണ്ടിലും പ്രാധാന്യ മുള്ളത്. സ്വഗൃഹങ്ങളിൽ ഇരുന്ന് ഇച്ഛാമാത്രശക്തിയാലും സാമർത്ഥ്യംകൊ ണ്ടും അവരവർക്കു വിഹിതമായിട്ടുള്ള കാര്യഭരണംചെയ്തു ധർമനിഷ്ഠകൊണ്ടു സ്വഗൃഹപരിസരംമുതൽ ഭൂമിയൊട്ടുക്ക് അജ്ഞാതശക്തിയാൽ പെട്ടുത്തി ഭരിക്കത്തക്കവണ്ണം നിപുണതയും അധികാരവും അവകാശവും സ്ത്രീക്കാണു കൊടുത്തിരിക്കുന്നത്. പുരുഷന്റെ സാക്ഷിത്വസഹായത്തിൽ സ്ത്രീ സർവത ന്ത്രസ്വതന്ത്രയായ ത്രൈലോക്യനായികയുമാണ്".

"സ്ത്രീക്കു താൻ സ്ത്രീയാകമൂലവും തന്നിമിത്തം സകലകാര്യഭരണാന്വേ ഷണങ്ങൾക്കും അധികാരമുണ്ടാകയാലും തനിക്കും തന്റെ മാതാവിനെപ്പോ ലെ കായികവും മാനസികവുമായ നിരവധികഷ്ടപ്പാടുകൾ അനുഭവിക്കുവാൻ ഉണ്ടാകയാലും സ്ത്രീധർമം അനുസരിച്ച് പ്രജാവർദ്ധനയും ഗൃഹസമ്പത്തരണ വും സാമുദായികചക്രവർത്തനവും ചെയ്യുന്നതുതന്നെ അവളുടെ കടമ."

## തൊഴിൽപരമായ സമത്വമല്ല ലിംഗനീതി

തൊഴിൽപരമായ സമത്വമല്ല ലിംഗനീതിയെന്നു സ്വാമികൾ വിശ്വസി ച്ചു. അർഹമായിരിക്കുന്ന മണ്ഡലങ്ങളിൽ കർമനിരതരാവുക, അതുവഴി സമു ദായൈക്യം സ്ഥാപിക്കുക അല്ലാതെ ആരും മുകളിലോ താഴെയോ അല്ല. പുരുഷൻചെയ്യുന്ന ജോലികൾ സ്ത്രീകളോ മറിച്ചോ ചെയ്യുന്നതിലൂടെ സമത്വം ഉണ്ടാകില്ല. പുരുഷൻ സ്ത്രീയെ അപേക്ഷിച്ച് വിശേഷാധികാരം ഉള്ളവനല്ലെ ന്നു സ്വാമികൾ ബോദ്ധ്യപ്പെടുത്തുകയാണ്.

"സ്ത്രീകളും പുരുഷന്മാരും ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലുകൾ വച്ചു മാറണമെന്നു സ്വാമികൾ നിർദേശിക്കുന്നില്ല. മറിച്ച് സ്ത്രീകൾ ഗൃഹത്തിൽ തന്റെ കൃത്യം അറിഞ്ഞു ധർമിഷ്ഠയായി കാര്യഭരണം നടത്തി അവിടെയുള്ള സകലപരിപുഷ്ടിക്കും ക്ഷേമത്തിനും കാരണമായിത്തീരുന്ന നായികയാണ് ലോകൈകചക്രവർത്തിനി." "അങ്ങനെ എല്ലാകാര്യങ്ങളും ഇരുന്നിടത്തിരു ന്നു നടത്തുവാൻ ശേഷിയും അധികാരവും അവകാശവും സ്ത്രീക്കുണ്ടായിരിക്ക യാലും അതിനുവേണ്ട ഉപകരണങ്ങൾ സജ്ജമാക്കുന്നതിലേക്കു പുരുഷൻ കടപ്പെട്ടവനായിരിക്കയാലും സ്ത്രീക്കു തന്റെ വിധിവിഹിതമായിരിക്കുന്നതു ഉത്തമധർമം നടത്തുവാൻ വേഷമണിഞ്ഞു പുറപ്പെടുകയോ അതിനായി തനിക്കു സ്വതേ സ്ത്രീയാകനിമിത്തം പ്രകൃതി കല്പിച്ചിരിക്കുന്നതിലധികം

കായക്ലേശവും മനക്ലേശവും അനുഭവിക്കുകയോ ചെയ്യേണ്ട ആവശ്യം ഒട്ടും തന്നെ ഇല്ല."

ജൈവികമായ ഭിന്നശേഷിയെ തൊഴിൽവിഭജനത്തിൽ വിധിയുമായി കൂട്ടിയിണക്കുന്നുവെന്ന വിമർശനം ഇവിടെ ഉന്നയിക്കപ്പെടാം. എന്നാൽ സ്വാമികൾ വിധിയെ ജൈവികഭിന്നതയായി ഇവിടെ പുനർനിർണയിക്കുകയാണു ചെയ്യുന്നത്.

**ഉത്തരവാദിത്വം**

ലോകദൃഷ്ട്യാ നോക്കുമ്പോൾ പുരുഷനെക്കാൾ ഉത്തരവാദിത്വവും തന്മൂലമായ അധികാരവും സ്ത്രീക്കാണെന്നതിൽ രണ്ടുപക്ഷമില്ല എന്നാണു സ്വാമികളുടെ അഭിപ്രായം. ഉത്തരവാദിത്വം സ്ത്രീകൾക്കാണു കൂടുതലുള്ളത്. പൗരാണികരും മറ്റഭിജ്ഞന്മാരും പ്രഥമസ്ഥാനം സ്ത്രീക്കാണു കൊടുത്തിട്ടുള്ളത്. ഇവർ ദുരന്തമായ ദുഃഖങ്ങളും ഉത്തരവാദിത്വബഹുലങ്ങളും ആർക്കുവേണ്ടി എന്തിനായി അനുഭവിക്കുന്നുവെന്ന ചോദ്യത്തിനു പുരുഷന്റെ നിസ്സാരമായ കൃതജ്ഞതയ്ക്കു വേണ്ടിയല്ല, സ്ത്രീകൾ പ്രകൃത്യാ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യങ്ങൾ നിർവഹിക്കുന്നതെന്ന മറുപടിയും സ്വാമികൾ നല്കുന്നുണ്ട്. സ്ത്രീപുരുഷബന്ധത്തിലെ പുരുഷമനോഭാവത്തെ ചീന്തിയെറിയുകയാണിവിടെ.

**ഭാര്യ-ഭർത്താവ്**

പുരുഷാധിപത്യം എന്നത് യാതൊരു യുക്ത്യടിസ്ഥാനവുമില്ലാത്ത, പുരുഷഭാവനയാണെന്നു സ്വാമികൾ തുറന്നുകാട്ടുന്നു. എന്നാൽ പുരുഷൻ ഈ പൊള്ളത്തരം മനസ്സിലാക്കാതെ അതിനെ അധികാരമായി സ്വയം വിശ്വസിക്കുന്നു. ഈ അപഹാസ്യതയെ ഭാര്യാപദത്തിന്റെ അർത്ഥപരിശോധനയിലൂടെ കണക്കിനു പരിഹസിക്കുകയാണു സ്വാമികൾ.

പുരുഷന്റെ അധികാരവലുപ്പവും ഗർവുംകൊണ്ട് അയാളെ ഭർത്താവെന്നും സ്ത്രീയെ അബല എന്നുവച്ച് ഭാര്യ-ഭരിക്കപ്പെടുവാൻ യോഗ്യ-എന്നും വിളിക്കുന്നുവല്ലോ. ഇതിലെ അനൗചിത്യത്തെ സ്വാമികൾ ചൂണ്ടിക്കാണിക്കുന്നു. "തനിക്കുള്ള അധികാരബലത്തെപ്പറ്റി സ്വതഃസിദ്ധമായ വിനയപ്രഭാവം കൊണ്ടും പുരുഷനെപ്പോലെ ഒച്ചപൊങ്ങിക്കുവാൻ ഭാവിച്ചില്ല എന്നതുമാണു പുരുഷന്റെ അർത്ഥമില്ലാത്ത മുഷ്കിനും ഈ നാമധേയത്തിനും ഇടയാക്കിയത്. ഇതു പുരുഷന്റെ വിക്രിയകൾക്കുള്ള ഒരു ഉദാഹരണമാണ്. സ്ത്രീയെ ഭർത്തി-രക്ഷതി ഭരിക്കുന്നവൾ -എന്നാണു പറയേണ്ടത്. ഭാര്യ എന്ന നാമം മൗഢ്യമൂലകമാണ്. ഭാര്യാപദം ഗർഭധാരണം വരെയേ ശോഭിക്കുന്നുള്ളൂ. പിന്നീട് അവൾ ഭർത്താവിനെ പുത്രനായി ജനിപ്പിക്കുന്ന ജനയിത്രി-ജായ തന്നെയായി". ഇത്തരത്തിൽ സ്ത്രീകളുടെ ഉന്നതമായ സ്ഥാനം ഉയർത്തിക്കാട്ടുകയാണു സ്വാമികളുടെ സ്ത്രീപക്ഷനിലപാട്.

**മാതൃത്വം**

മാതൃത്വത്തെ ഉന്നതമായ സ്ത്രൈണാധികാരമായി സ്വാമികൾ തിരിച്ചറിയുന്നുവെന്നതാണു ബദൽആധുനികതയുടെ സ്ത്രീപക്ഷസ്വഭാവമായി ഈ പ്രബന്ധത്തെ സവിശേഷമാക്കുന്നത്. "പത്തുമാസം വയറ്റിൽ കഷ്ടപ്പെട്ടു ഭേസി,

ദുർവാരവേദനയനുഭവിച്ചു പ്രസവിച്ചുണ്ടാകുന്ന കുഞ്ഞിനെ, അമ്മ എത്ര തന്നെ വികൃതവും വിരൂപവുമായിരുന്നാലും, അതിന്റെ അമ്മ അതിന്റെ മലമൂത്രാദികളിൽ സ്വയം ആറാടിത്താലോലിച്ചു തീറ്റി കൊടുത്തു വളർത്തിപ്പോരുന്നു. താൻ അംഗവികലനും രോഗിയും സകലകാര്യത്തിനും പരാശ്രയം തന്നെ ശരണമായിട്ടുള്ളവനും ആയിരുന്നിട്ടുകൂടിത്തന്നെ എന്നെ എത്രയെന്നില്ലാതെ ബുദ്ധിമുട്ടിപ്പോറ്റുന്ന തള്ളയെപ്പറ്റി നന്ദിയോടെ സ്മരിക്കുന്നതിനുപകരം തന്നാലാവുന്ന ദ്രോഹവും ശല്യവും ചെയ്തുവരുന്ന പുത്രന്മാർക്കുകൂടി സദാസമയവും യാതൊരു പ്രത്യുപകാരമോ ആകാംക്ഷയോ കൂടാതെ അകളങ്കകരുണയോടെ അവൻ നന്നായി വരണേ, സൗഖ്യമായിരിക്കണേ എന്നുള്ള വിചാരത്തോടുകൂടി പ്രവർത്തിക്കുന്ന മാതാവിന്റെ മഹിമ മറ്റാർക്കു കിട്ടും?

പിന്നെ, സ്വശരീരരക്ഷയ്ക്കു യാതൊന്നും കൊണ്ടുവരാതെയും അവനവന്റെ ബാല്യദശയിൽ സ്വേച്ഛയായി കൈകാലുകൾക്കുടി അനക്കുവാൻ വയ്യാതെയും നിലവിളിക്കാനല്ലാതെ മറ്റു യാതൊന്നിനും ത്രാണിയില്ലാതിരിക്കുന്ന അവസരംമുതൽ പ്രാണാന്തത്തോളം പുത്രക്ഷേമം അന്വേഷിച്ചുവർത്തിക്കുന്ന മാതൃസ്നേഹശക്തിക്കു തുല്യമായ ശക്തി ലോകത്തിൽ മറ്റൊന്നുമില്ല" എന്നു സ്വാമികൾ ശക്തമായി പ്രസ്താവിച്ചു.

"നമ്മെ വയറ്റിനുള്ളിൽച്ചുമന്നു പല സങ്കടങ്ങളും അനുഭവിച്ചു, പെറ്റ് ഓമനിച്ചുവളർത്തി, നമ്മുടെ യോഗക്ഷേമങ്ങളിൽ ജാഗരൂകയായി നമ്മെ നിത്യവും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ അമ്മയ്ക്കു പുത്രരായ നാം എന്തു പ്രത്യുപകാരമാണു ചെയ്യാൻ സാധിക്കുന്നത്?" എന്ന ചോദ്യവും കൊളോണിയൽആധുനികതയോട് ഉയർത്തി. പില്ക്കാലത്താണു ഘടനാവാദത്തിന്റെയും ചിഹ്നവിജ്ഞാനത്തിന്റെയും മേഖലയിൽനിന്നു ജൂലിയക്രിസ്തേവ മാതൃത്വത്തിനു പ്രാധാന്യംനല്കിക്കൊണ്ടുള്ള പഠനങ്ങൾക്കു മുതിർന്നത്.

## സകലശ്രേയസ്സിനും ഹേതു

"ബാല്യത്തിലുള്ള മാതൃശുശ്രൂഷ കഴിഞ്ഞിട്ടും, പിന്നെയും മരണംവരെ മാതാവു തന്നെയാണ് സകലശ്രേയസ്സിനും ഹേതുവെന്നുള്ളതും വാസ്തവമാണ്. കാലംകൊണ്ടും പ്രായപൂർത്തികൊണ്ടും അവയവപൂർത്തികൊണ്ടും വികാരഭേദങ്ങൾകൊണ്ടും ബാല്യാൽപരം മാതാവിനു കുട്ടികളെ ശുശ്രൂഷിക്കാൻ തരമില്ലാതെ വരുമ്പോൾ മാതാവ് അവരെ വിവാഹാദിക്രിയകൾ ചെയ്ത് ഒരു സ്ത്രീയെ ഭരമേല്പിക്കുന്നു എന്നിരിക്കിലും അവൻ സദാസമയവും എന്തു ചെയ്യുന്നോ, അവനു സുഖംതന്നെയോ എന്നും മറ്റുമുള്ള ചിന്താവ്യാപാരങ്ങൾ മാതാവിന്റെ മനസ്സിൽനിന്നു വിട്ടുപിരിയുന്നില്ല. അവരുടെ അനുഗ്രഹസൂചകവും അൻപു ചൊരിയുന്നതുമായ ആ വിചാരം തന്നെയാണു പിന്നീട് മക്കൾക്കു ശ്രേയസ്സിനു കാരണമായിത്തീരുന്നത്". അമ്മ എങ്ങനെയാണു മക്കളുടെ ശ്രേയസ്സിനു ഹേതുവാകുന്നതെന്നു വിസ്തരിക്കുകയാണു സ്വാമികൾ.

അമ്മയെ തന്നെ പെറ്റമ്മയും പോറ്റമ്മയുമായി വേർതിരിച്ചു പെറ്റമ്മയുടെ മൂല്യം വ്യക്തമാക്കാനും സ്വാമികൾ ശ്രമിച്ചു. ജനിപ്പിച്ച അമ്മയും പ്രകാരാന്തരേണയുള്ള അമ്മയും. ഒരുവനെയും അവന്റെ സഹോദരീസഹോദരന്മാ

രയും ഒരു അമ്മയ്ക്കേ ജനിപ്പിക്കാൻ കഴിയൂവെന്നതുകൊണ്ടു സർവോത്കൃഷ്ട സ്ഥാനം പെറ്റമ്മയ്ക്കാണ്. പോറ്റമ്മ ഒന്നല്ലെങ്കിൽ മറ്റൊന്നാകാം.

പെറ്റമ്മയെ സാക്ഷാദ് ജഗദീശ്വരിയായ പരാശക്തിയായും അമ്മയ്ക്കു സാന്നിദ്ധ്യസഹായംചെയ്തു സാക്ഷിയായിനിന്നു രക്ഷിക്കുന്ന പിതാവിനെ പരബ്രഹ്മമായും സങ്കല്പിച്ചിരിക്കുന്നു.

മാതൃത്വത്തെ സ്ത്രൈണാധികാരമായി സ്വാമികൾ അവതരിപ്പിക്കുകയാണ്. പാശ്ചാത്യാധുനികതയുടെ ഭാഗമായി ഇത്തരം ചർച്ചകൾക്കു പ്രാധാന്യം ലഭിച്ചിരുന്നില്ല. സ്വാമികളുടെ സ്ത്രീപക്ഷ ആധുനികതയുടെ ആധാരശിലകളിൽ മുഖ്യമാണിത്.

**കടമയ്ക്ക് മുൻതൂക്കം**

സ്വാമികൾ മുന്നോട്ടുവച്ച ആധുനികതയിൽ ഓരോരുത്തരുടെയും കടമയ്ക്കാണ് മുൻതൂക്കം. 'ജനനിയുടെ ആകാംക്ഷകൊണ്ടും കായക്ലേശങ്ങൾകൊണ്ടും മനഃക്ലേശംകൊണ്ടും പിതാവിന്റെ സാന്നിദ്ധ്യംകൊണ്ടും ജനിച്ചുണ്ടായിവരുന്ന സ്ത്രീപുരുഷന്മാർക്ക് അവരവരുടെ നിലയ്ക്കും ശരീരനിർമാണത്തിനും അനുസരിച്ച കടമയുണ്ട്'.

**സ്ത്രീകളുടെ കടമ**

"സ്ത്രീയ്ക്കു താൻ സ്ത്രീയാകമൂലവും തന്നിമിത്തം സകലകാര്യഭരണാന്വേഷണങ്ങൾക്കും അധികാരമുണ്ടാകയാലും തനിക്കും തന്റെ മാതാവിനെപ്പോലെ കായികവും മാനസികവുമായ നിരവധികഷ്ടപ്പാടുകൾ അനുഭവിക്കാൻ ഉണ്ടാകയാലും സ്ത്രീധർമം അനുസരിച്ച പ്രജാവർദ്ധനയും ഗൃഹസമ്പദ്ഭരണവും സാമുദായികചക്രപ്രവർത്തനവും ചെയ്യുന്നതുതന്നെ അവളുടെ കടമ. പ്രകൃതി പ്രവർത്തിക്കാതിരുന്നാൽ പ്രപഞ്ചമില്ല. സ്ത്രീകൾ സ്വധർമ്മങ്ങളനുഷ്ഠിക്കാതിരിക്കുകയോ വിരുദ്ധധർമങ്ങൾ ആചരിക്കുകയോ ചെയ്താൽ കാര്യവൈഷമ്യങ്ങളും കലഹങ്ങളും സമുദായക്ഷയവും ഘോരാനുഭവങ്ങളും സംഭവിക്കും". സ്ത്രീശക്തി വ്യക്തമാക്കാനായി സ്വാമികൾ പഴമൊഴി സ്വീകരിച്ചു -പെണ്ണിറങ്ങിയാൽ ബ്രഹ്മനും തടുക്കില്ല.

**പുരുഷന്മാരുടെ കടമ**

സൃഷ്ടികർമത്തിൽ ബ്രഹ്മസാന്നിധ്യമാവുക, സ്ത്രീകളുടെ കർമത്തിനായുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക, സ്ത്രീയ്ക്കു സർവതന്ത്രസ്വതന്ത്രയായ ത്രൈലോക്യനായികയാകാനുള്ള സാക്ഷിത്വസഹായം ചെയ്യുക.

ഉത്തമനായ പുരുഷൻ തെണ്ടിയിട്ടെങ്കിലും തന്റെ കടമ തീർക്കും. തന്റെ കടമകൾ യഥാർഹം നിർവഹിക്കുന്നവനത്രേ യഥാർത്ഥപുരുഷൻ എന്നാണ് സ്വാമികളുടെ പക്ഷം.

**അമ്മയോടുള്ള കടമ**

"അമ്മയോടുള്ള കടമ നല്ലവനായ മകൻ നന്നായി നിർവഹിച്ചാലും മകനുവേണ്ടി അമ്മ അനുഭവിച്ചിട്ടുള്ള ക്ലേശങ്ങൾക്ക് അതു പ്രതിഫലമാവില്ല. ജഗദംബയ്ക്കു തുല്യമായ കൃതജ്ഞത പ്രദർശിപ്പിക്ക, അവരെ പരിരക്ഷി

ക്ക, അവരുടെ ആഗ്രഹങ്ങൾക്കു മനഃശരീരങ്ങളാൽ പ്രതികൂലിക്കാതിരിക്ക, അവരെ ആരാധിക്ക, ആ ദേവീസ്വരൂപത്തിൽ കാണുന്ന അന്യസ്ത്രീകളെ വണങ്ങുക മുതലായവ ചെയ്യണം. അച്ഛനോടുള്ള കടമ ചെയ്യണം. ഗൃഹത്തി നോടുള്ള കടമ ചെയ്യണം. തന്റെ ശരീരരക്ഷയ്ക്ക് അന്യർ ഒരു ക്ഷേത്രവും വിഭവസാമഗ്രികളും തയ്യാറാക്കിയപോലെ തക്കതായ കരുതലുകൾ, തന്റെ ശേഷം ഉത്ഭവിക്കുന്നവർക്കുംവേണ്ടി ചെയ്തുവയ്ക്ക എന്നതാണു ഗൃഹസംബന്ധ മായ കടമ" എന്നു സ്വാമികൾ നിർവചിച്ചു.

സകലകാര്യവും അതിന്റെ അവസ്ഥാനുസാരം ചെയ്തുതീർക്കണമെ ങ്കിൽ ഒന്നുംതന്നെ തന്റെ അനുഭവത്തിലുള്ളതല്ലെന്നും തനിക്കു യാതൊ ന്നിലും അവകാശവും അധികാരവും ഇല്ലെന്നും ഉള്ള ബോധം നല്ലവണ്ണം ഉണ്ടായിരിക്കണം. തന്റെ കടമകൾ യഥാർഹം നിർവഹിക്കുന്നവനത്രേ യഥാർത്ഥ പുരുഷൻ.

**ഐകമത്യം കാതൽ**

സ്വാമികൾ ലോകരമ്യതയ്ക്കുവേണ്ടി ഈ പ്രബന്ധത്തിൽ അവതരിപ്പിച്ച ഒരു ആശയമാണ് ഐകമത്യം. "ബ്രഹ്മപ്രകൃതികളുടെ ഐകമത്യംകൊണ്ടു സകലസൃഷ്ടിസ്ഥിതികളും നടക്കുന്നുവെന്നും സ്ത്രീപുരുഷന്മാരുടെ ഐകമത്യം കൊണ്ടു പരിപുഷ്ടിയും ഭിന്നതകൊണ്ടു നാശവും ഉണ്ടാകുന്നുവെന്നുമാണു സ്വാ മികളുടെ പക്ഷം. ധർമ്മനിഷ്ഠയും ഐകമത്യവും വെടിഞ്ഞതാണു സകലവി ധപീഡനങ്ങൾക്കും -വിപ്ലവങ്ങൾ, കലാപങ്ങൾ മുതലായവയ്ക്കും- നിദാനം അനൈകമത്യമാണ്". പ്രത്യക്ഷത്തിൽ കാണുമ്പോൾ സ്വാമികളുടെ ഈ ആശയത്തോടു വിയോജിപ്പുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ ഈ ആശയം അവതരിപ്പിച്ച വ്യവഹാരസന്ദർഭം മനസ്സിലാക്കുമ്പോൾ അതിന്റെ ആഴം വെളിപ്പെടും. കലുഷിതമായ സാമൂഹികാവസ്ഥയ്ക്കു ഹേതുക്കളാകുന്ന ഘടകങ്ങളിലെല്ലാം ലിംഗാധികാരത്തിന്റെ പൊരുൾ തൊട്ടുകാണിക്കുകയാ ണു സ്വാമികൾ ചെയ്തത്. 'സ്ത്രീപുരുഷന്മാർ അവരവരുടെ കൃത്യങ്ങൾ ഐകമ ത്യത്തോടെ നടത്തുമ്പോൾ ശ്രേയസ്സു ക്ഷണിക്കപ്പെടാതെ തന്നെ കുടിയേറി ക്കൊള്ളും. എന്നാൽ ഇപ്പോഴാകട്ടെ, ആളുകൾ പെരുത്തു ഐകമത്യബുദ്ധി ക്ഷയിച്ചു. അവനവന്റെ കൃത്യങ്ങൾ ഇന്നതെന്നുള്ള യഥാർത്ഥനിശ്ചയമില്ലാ തായി, കൈമിടുക്കും പരാക്രമവും മാത്രം പ്രബലപ്പെട്ടു. ഐകമത്യവും ധർ മ്മനിഷ്ഠയും ഈ ലോകം വെടിഞ്ഞു. അതിനോടെ ദാരിദ്ര്യം കുശാലായിക്ക യറി. ലോകസാമ്രാജ്യം കലശലായി ഭരിക്കാനും തുടങ്ങി. ഉപജീവനഭാരം പരഹിംസകൊണ്ടും പരോപദ്രവംകൊണ്ടും ലഘുപ്പെടുത്തി.'

"ലോകത്തു നാശഹേതുക്കളായ വിപ്ലവങ്ങളും കഷ്ടാരിഷ്ടങ്ങളും ഉണ്ടാ കുന്നത് ഐകമത്യം ഇല്ലാത്തതിനാലും സ്ത്രീപുരുഷന്മാർ വിരുദ്ധധർമങ്ങൾ അനുഷ്ഠിക്കുന്നതുകൊണ്ടുമാണ്". ഇതു സ്വാമികളുടെ ലിംഗാധികാരവി രോധഭാഷ്യമാണ്. സാമൂഹികരാഷ്ട്രീയപ്രശ്നങ്ങളെ ലിംഗാധികാരത്തിന്റെ പ്രശ്നമായി നോക്കിക്കാണുന്ന (സ്വാമികൾക്കിത് അനൈക്യമാണ്) ഒരു പ്രവണതയും അക്കാലത്തു ലോകത്തൊരിടത്തും ശക്തിപ്രാപിച്ചിരുന്നില്ലെ

ന്നോർക്കണം. എന്നാൽ ഇന്ന് അതല്ല സ്ഥിതി. എല്ലാറ്റിനും ലിംഗപക്ഷ പാഠമാണുണ്ട്. ലിംഗപക്ഷമൊഴിച്ച പ്രചാരത്തിലിരുന്ന മറ്റുള്ള അഭിപ്രായങ്ങളെക്കുറിച്ച സ്വാമികൾ നിലപാടു വ്യക്തമാക്കുന്നുണ്ട്. സർവജ്ഞന്മാരെന്നും നിരീക്ഷണപടുക്കളെന്നും അഹങ്കരിക്കുന്ന വിദ്വാന്മാരുടെ അസുന്ദരങ്ങളായ ചില അഭിപ്രായങ്ങളെയും, അവയെ പ്രായോഗികമാക്കാൻ ചെയ്യുന്ന പരിശ്രമങ്ങളെയും അപ്രധാനമല്ലാത്ത കാരണമായി സ്വാമികൾ തിരിച്ചറിയുന്നുണ്ട്. ലോകത്തുള്ള ഭിന്നിപ്പിനെയും കലഹങ്ങളെയും നിവൃത്തിക്കുന്നതിലേക്ക് ഐകമത്യം വേണമെന്ന് ഈ മനുഷ്യന്മാർ കണ്ടു എങ്കിലും അതിലേക്ക് അവർ ഉന്നയിക്കുന്ന ഉപദേശങ്ങൾ വിപുലങ്ങളെന്നു വ്യവഹരിക്കാമെന്നുവരികിലും പ്രയോഗക്ഷമങ്ങളല്ലായ്കയാൽ ക്ഷുദ്രബുദ്ധിജങ്ങളും ആയിരിക്കുന്നു. "ഐകമത്യം വേഷപ്പകർച്ചകളാലോ ആഹാരവിഹാരാദികളാലോ സമാജപ്രസംഗങ്ങളാലോ ഉണ്ടാകില്ല" എന്നാണു സ്വാമികൾ വിശ്വസിക്കുന്നത്. "അവനവന്റെ വീട്ടിൽ ഉണ്ടും സ്വജനങ്ങളിൽ വിവാഹം ചെയ്തും സകലത്തോടും കാരുണ്യത്തോടുകൂടി സമബുദ്ധിയിൽ പെരുമാറി സ്വധർമം നടത്തിയും കൊണ്ടിരുന്നാൽ ഐകമത്യം ഉണ്ടാകുന്നതിനു യാതൊരു വിരോധവുമില്ല".

വേഷപ്പകർച്ചകളാലും ആഹാരവിഹാരാദികളാലും സമാജപ്രസംഗങ്ങളാലും ഐകമത്യംവരുമെന്നു വിശ്വസിച്ച് അതിനായി പ്രവർത്തിക്കുന്നവർ വഴി അതുണ്ടാവില്ല. ഇതിനായി പ്രവർത്തിക്കുന്നവർ വീട്ടിൽ ഐകമത്യം പാലിക്കാൻ കഴിയാത്ത മദാമ്മമാർ, കടമനിർവഹിക്കാത്ത അഭ്യസ്തവിദ്യരായ ഉദ്യോഗസ്ഥർ, സ്വന്തം കുടുംബത്തിൽ ഛിദ്രം വരുത്തുന്ന പുരുഷന്മാർ എന്നിങ്ങനെയുള്ളവരാണ്. അവർക്ക് ഐകമത്യം ഉണ്ടാക്കാൻ കഴിയില്ല. അതുകൊണ്ടു നാം വിഹിതങ്ങളായ പദ്ധതികൾ ആസ്പദമാക്കി ഐകമത്യം സമ്പാദിച്ചാൽ ഭിന്നിപ്പുകളെല്ലാം ഒഴിവാകും. ഈ തത്ത്വം എല്ലാമതങ്ങളുടെയും സാരാംശമാണ്.

"പ്രകൃത്യാ അവരവർക്കുവച്ചിട്ടുള്ള ധർമമനുസരിച്ച സ്വകാര്യങ്ങളിൽ യാതൊരു നീക്കുപോക്കും വരാതെ താനാണു സകലവും നടത്തേണ്ടതെന്ന ബുദ്ധിയോടുകൂടി സ്ത്രീയും, തനിക്കിതിൽ യാതൊന്നുമില്ല, സർവ്വവും സ്ത്രീക്കും അവളുടെ സന്താനങ്ങൾക്കുമാണ്, തന്റെ ശ്രമം അവർ സുഖമായിരിക്കുന്നതിലേക്കുമാത്രമാകുന്നു, അവരുടെ ക്ഷേമം തന്നെ തന്റെയും ക്ഷേമം എന്നുള്ള മഹാമനസ്കതയോടുകൂടി പുരുഷനും, അന്യോന്യാശ്രയമായി ഏകമതിയോടെ പ്രവർത്തിച്ചുംകൊണ്ടാൽ യാതൊരു പ്രയത്നവും കൂടാതെ ഐകമത്യവും ശ്രേയസ്സും സ്വയമേവ വന്നുചേരും". മേൽപ്രസ്താവനകളിലൂടെ സ്വാമികൾ ഐകമത്യം സമമായ സ്ത്രീപുരുഷാശ്രയമാണെന്നു വെളിപ്പെടുത്തി.

### സ്ത്രീസമാജങ്ങളുടെ ഉദ്ദേശ്യം സ്വാമികളുടെ ദൃഷ്ടിയിൽ

സ്ത്രീസമാജത്തിൽ നടത്തിയ പ്രഭാഷണമായതുകൊണ്ടുതന്നെ സ്വാമികൾ സ്ത്രീസമാജങ്ങളുടെ ഉദ്ദേശ്യം എന്തായിരിക്കണമെന്ന തന്റെ വീക്ഷണവും വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. 'സ്ത്രീകളുടെ കർത്തവ്യകർമങ്ങൾ ഇന്നിന്നവയെന്നും യാഥാർത്ഥ്യമായറിഞ്ഞു അവയെ ജനങ്ങളുടെ ഇടയിൽ

പരത്തി തങ്ങൾതന്നെയാണ് സാക്ഷാദ് രക്ഷാധികാരികളെന്ന ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തി, അവരുടെ സ്ഥാനം സർവ്വസമ്മാന്യമായിത്തീർക്കുക എന്നുള്ളതാണ സ്ത്രീസമാജങ്ങളുടെ മുഖ്യോദ്ദേശ്യമായിരിക്കേണ്ടതും അല്ലാതെ സാധാരണ കണ്ടുവരാറുള്ളതുപോലെ നാടകമാട്ടുന്നതിനോ അനർഹങ്ങളായ പ്രക്ഷോഭങ്ങളിൽ പങ്കുപറ്റുന്നതിനോ ആയിരിക്കരുത്" എന്നു സ്വാമികൾ നിർദ്ദേശിച്ചു. അബലകളല്ല പ്രബലകളാണ് എന്നബോധത്തോടെ ധർമ്മങ്ങൾ അനുഷ്ഠിച്ചു ഉദ്ദിഷ്ടം സാധിക്കുന്നതുവരെ ഐകമത്യത്തോടെ പ്രവർത്തിക്കാനും സ്വാമികൾ ആഹ്വാനം ചെയ്തു.

## സ്ത്രീപക്ഷആധുനികത

ആധുനികതയെക്കുറിച്ച് ഒട്ടേറെ സംവാദങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. കൊളോണിയൽആധുനികത എന്ന സംജ്ഞ വളരെയധികം ഉപയോഗിച്ചുകാണാറുണ്ട്. എന്നാൽ ഇതിനൊരു പാഠഭേദം ഉണ്ടായതു പി പി രവീന്ദ്രൻ (2017) ചട്ടമ്പിസ്വാമികളുടെ ബദൽആധുനികതയെക്കുറിച്ചു ചിന്തിച്ചതോടെയാണ്. ചട്ടമ്പിസ്വാമികളുടെ രചനകൾ പരിചയിക്കുന്ന ഒരാൾ പൂർണമായും ബദൽആധുനികതാശയവുമായി യോജിക്കും. കൊളോണിയൽആധുനികതയല്ല ചട്ടമ്പിസ്വാമികളുടെ രചനകൾ മുന്നോട്ടുവച്ചത്. പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം എന്ന ലേഖനത്തിൽ പ്രകടമാകുന്ന സ്ത്രീപക്ഷആധുനികത ബദൽആധുനികതയുടെ ഭാഗമെന്നനിലയിൽ എങ്ങനെയാണ സ്വാമികൾ അടയാളപ്പെടുത്തിയതെന്നാണ്.

കൊളോണിയൽആധുനികതയുടെ ഭാഗമായി രൂപംകൊണ്ട നവ ഇംഗ്ലീഷ്സാക്ഷരസമൂഹം, പൊതുമണ്ഡലം, മാധ്യമപ്രചാരം, ലിംഗനിർമിതിഇടങ്ങൾ എല്ലാം പാശ്ചാത്യമാതൃകയുടെ പ്രതിരൂപങ്ങളാണ്. പാരമ്പര്യനിഷേധത്തിലൂടെ രൂപംകൊള്ളുന്ന പുതുമാതൃകകൾ ഉൾക്കൊള്ളേണ്ടുന്ന ചിഹ്നവ്യവസ്ഥ പാശ്ചാത്യമല്ല എന്നതിൽ സ്വാമികൾക്കു കണിശതയുണ്ട്. എന്നാൽ അതു പൗരസ്ത്യപാരമ്പര്യമല്ലെന്നും തീർച്ചയുണ്ട്. ഈ സന്ദർഭത്തിലാണ സ്വാമികൾ ബദൽആധുനികതയ്ക്കു രൂപംനല്കുന്നത്. പാരമ്പര്യത്തെ യുക്തിക്കനുഗുണമായി സ്ഫുടംചെയ്തു കൊളോണിയൽ വിരുദ്ധമാതൃക അവതരിപ്പിക്കുകയാണ സ്വാമികൾ കൈക്കൊണ്ട നയം. സ്ത്രീക്കും പുരുഷനും തുല്യസ്വാതന്ത്ര്യം എന്ന പാശ്ചാത്യാശയം പിന്തുടരാനല്ല സ്വാമികൾക്കിഷ്ടം. സ്ത്രീകൾ അബലകളല്ല സമഷ്ടിമൂലപ്രകൃതിശക്തിയായ പ്രബലകളാണെന്നു തിരിച്ചറിഞ്ഞു സാക്ഷാദ് രക്ഷാധികാരികളെന്ന ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തി സർവസമാസകളാകുക എന്ന സ്ത്രീപക്ഷആധുനികതയാണ സ്വാമികൾ മുന്നോട്ടുവച്ചത്. അതോടൊപ്പം പാശ്ചാത്യമാതൃക അനുഗുണമല്ലെന്നും വ്യക്തമാക്കുകകൂടി ചെയ്തു. കൂടാതെ ലോകത്തെ എല്ലാ പ്രശ്നങ്ങൾക്കും ലിംഗപാഠം ഉണ്ടെന്ന് ആദ്യമായി മലയാളസന്ദർഭത്തിൽ പറഞ്ഞുവയ്ക്കാനും സ്വാമികൾക്കു കഴിഞ്ഞു.

സമകാലഫെമിനിസ്റ്റുകൾക്ക്, സ്വാമികൾ പ്രാധാന്യം കൊടുത്തുമുന്നോട്ടുവച്ച കുടുംബം, മാതൃത്വം, ഗൃഹവാസം എന്നിവയൊക്കെ വിയോജിക്കാനുള്ള ആശയമണ്ഡലങ്ങളായേക്കും. പ്രത്യക്ഷത്തിൽ സ്വാമികളുടെ പ്രബന്ധം

അപ്രസക്തമാണെന്നും തോന്നാം. വിമർശിക്കപ്പെടേണ്ടതുണ്ടെങ്കിൽ ചർച്ച നടക്കുക തന്നെ വേണം. എന്നാൽ 100 വർഷം മുൻപുള്ള ഈ പ്രബന്ധത്തിന്റെ ചരിത്രമൂല്യം തിരിച്ചറിഞ്ഞുകൊണ്ടായിരിക്കണം സമകാലപാരായണം നടത്തേണ്ടത് എന്നു മറക്കരുത്.

1. The Malayala Manorama (henceforth, M. M) reported the activities of a streesamajam at Thiruvananthapuram in 1907 (M. M, 'Swadeshakaryam',13 October,1909;of a similar institution at Palakkad (M. M, 23 July,1910); news of a streesamajam at Attingal appeared in 1909 (M. M,18 September,1909); that of the Guruvayoor streesamajam in 1908 (M. M,19 December,1908); The Sharada reported the activities of a streesamajam at Kozhikode in 1905 (Sharada Vol. 2(7),1905- 6,p. 137); the formation of the Arya Balika Samajam at Tiruvalla was reported in 1909 (M. M, 16 June,1909); a streesamajam was operating at Talasherry in the 1910s which home delivered books to women (M. Kunhappa, 'Preface' to C K Revati Amma, 1977, p. iii) notes No. 8.

## ഗ്രന്ഥസൂചി


കല്ലിങ്ങൽ ചാത്തുണ്ണിവൈദ്യർ. 2018. പതിവ്രതാധർമ്മം -ശതകം, ശ്രീനാഥൻ (എഡി), തിരൂർ, മലയാളസർവകലാശാല.

കൃഷ്ണകുമാരി എ, 2010 വനിതാപത്രപ്രവർത്തനവും ചരിത്രവും വർത്തമാനവും, തൃശ്ശൂർ, കേരളസാഹിത്യ അക്കാദമി.

ചട്ടമ്പിസ്വാമികൾ, 'പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം', ശ്രീതീർത്ഥപാദാശ്രമം 2015, ശ്രീവിദ്യാധിരാജചട്ടമ്പിസ്വാമികളുടെ ജീവചരിത്രവും പ്രധാന കൃതികളും, വാഴൂർ, തീർത്ഥപാദാശ്രമം.

ദേവിക ജെ. 2010. 'കുലസ്ത്രീയും' 'ചന്തപ്പെണ്ണും' ഉണ്ടായതെങ്ങനെ? (ചരിത്രം/ ലിംഗനീതിപഠനം), ഒന്നാംപതിപ്പ്: സെപ്റ്റംബർ 2010, പ്രസാധനം: ഡയറക്ടർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, പ്രശാന്ത് നഗർ, തിരുവനന്തപുരം.

പ്രിയദർശനൻ ജി, 1975 മൺമറഞ്ഞ മാസികകൾ, കോട്ടയം, ഡി സി ബുക്സ്.

മഞ്ജുള കെ വി. 2005 സ്ത്രീയും സമൂഹവും കണ്ണൂർ, കൈരളിബുക്സ്.

മിനിസുകുമാരൻ & ദേവിക ജെ, 2006 കേരളീയപൊതുമണ്ഡലത്തിൽ സ്ത്രീവാദരാഷ്ട്രീയത്തിന്റെ സാധ്യതകൾ, (എഡി) ദേവിക ജെ, ആണരശുനാട്ടിലെ കാഴ്ചകൾ കോട്ടയം, ഡിസി.

ശ്രീനാഥൻ എം, 2018. ലിംഗനിർമിതി 19-ാം നൂറ്റാണ്ടിൽ, ഭാഷാപോഷിണി.

രവീന്ദ്രൻ പി പി. 2017. ചട്ടമ്പിസ്വാമികൾ: നവോത്ഥാനവും ബദൽആധുനികതയും, അജയ്ശേഖർ (എഡി), നവോത്ഥാനം പുതുവായനകൾ, തിരുവനന്തപുരം, റൈവൻ പബ്ലിക്കേഷൻസ്.

Devika J. 2002, Imagining women's social space in early modern Keralam, working paper 329, Thiruvananthapuram, Centre for Development studies.

Devika J. 2007. En-Gendering Individuals: The Language of Re-forming in Early Twentieth Century Keralam. Hyderabad: Orient Longman.

Jeffrey, Robin. 2003. Politics, Women and Well-Being: How Kerala Became 'A Model'. Delhi: Oxford University Press.

RamanNair and Sulochanadevi L. 2018, Neelakanta Theerthapada: Life and Works, south Indian books ISBN9383763213.